ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി സീമയ്ക്ക് സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരമുള്ള ജോലി

120 (T 2833) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിൽ സമാശ്വാസ തൊഴിൽ പദ്ധതി അനുസരിച്ച് ജി.ഒ.(എം.എസ്.)1/2000/ട്രാൻ. തീയതി 3-1-2000 പ്രകാരം ശ്രീമതി സീമാ ടി.എം. തയ്യിൽ, തിരുവഞ്ചിക്കുളം, കൊടുങ്ങല്ലൂർ എന്നയാളിന് ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 22-1-2000 ത്തിലെ ഇ1/19862/97-ാം നമ്പർ ഉത്തരവ് പ്രകാരം നിയമനം നൽകിയിരുന്നോ ;

(ബി) പ്രസ്തുത ഉത്തരവനുസരിച്ച് ശ്രീമതി സീമ ജോലിയിൽ പ്രവേശിക്കുന്നതിനായി ജലഗതാഗത വകുപ്പിന്റെ എറണാകുളം മേഖലാ ആഫീസിൽ ഹാജരായിരുന്നോ ;

(സി) എന്ത് കാരണത്താലാണ് ശ്രീമതി സീമയെ ജോലിയിൽ പ്രവേശിപ്പിക്കാത്തതെന്ന് വിശദമാക്കുമോ ;

(ഡി) ശ്രീമതി സീമയെ ഇനിയെന്ന്, എപ്പോൾ വരുന്ന വേക്കൻസിയിൽ ജോലിയിൽ പ്രവേശിപ്പിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) ഹാജരായിരുന്നു.

(സി-ഡി) 3-1-2000 ലെ ജി.ഒ. (എം.എസ്.) 1/2000/ട്രാൻ. നമ്പർ ഉത്തരവു പ്രകാരം ശ്രീമതി ടി.എം. സീമയ്ക്ക് സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം ജലഗതാഗത വകുപ്പിൽ എൽ.ഡി. ക്യാഷ്യറായി നിയമനം നൽകുകയുണ്ടായി. എന്നാൽ ശ്രീമതി സീമയെക്കാൾ മുൻപ് സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം തൊഴിൽ ലഭിക്കാൻ അപേക്ഷ നൽകിയ ശ്രീമതി ജെസിജമ്മയ്ക്കാണ്. ആദ്യം നിയമനം നൽകേണ്ടിയിരുന്നത് എന്ന് പൊതുഭരണ (സെൽ ജി .ഇ.) വകുപ്പ് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ടി. എം. സീമയ്ക്ക് നൽകിയ നിയമന ഉത്തരവ് മരവിപ്പിക്കുകയും പ്രസ്തുത വേക്കൻസിയിൽ സീനിയർ അപേക്ഷകയായ ശ്രീമതി ജെസിജമ്മയെ നിയമിക്കുന്നതിനും ജലഗതാഗത വകുപ്പിൽ അടുത്തതായി ഉണ്ടാകുന്ന ഒഴിവിൽ ശ്രീമതി ടി. എം. സീമയെ നിയമിക്കാനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

T - മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly